LIBRARY ARCHIVES Kerala Legislative Assembly

കാരുണ്യ @ ഹോം എന്ന പദ്ധതിയെ കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ ക്ഷേമസംഘടനകളുടെ ഭാരവാഹികളുമായി ഓൺലൈൻ യോഗം ചേരുകയും പദ്ധതിയെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുന്നതിനായി 30-6-2021-ന് വിവര പൊതുജനസമ്പർക്ക വകുപ്പ് മുഖേന പത്രക്കുറിപ്പ് നല്കുകയും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ നോട്ടീസുകൾ വിതരണം ചെയ്യുകയുമുണ്ടായി. തുടർന്നും പത്രക്കുറിപ്പുകൾ, ലഘുലേഖകൾ, സാമൂഹ്യ മാധ്യമങ്ങൾ മുതലായവയിലൂടെ പദ്ധതിയുടെ വിശദാംശങ്ങൾ കൂടുതൽ ആളുകളിലേയ്ക്ക് എത്തിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനും കുറിപ്പടികൾ അപ്ലോഡ് ചെയ്യുന്നതിനും കുറിപ്പടികളിൽ മാറ്റംവരുമ്പോൾ യഥാസമയം അറിയിക്കുന്നതിനും മറ്റും www.khome.kmscl.kerala.gov.in എന്ന വെബ്സൈറ്റ് പൊതുജനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. കൊല്ലം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന മരുന്ന് ഡിപ്പോകൾ വഴി സമയബന്ധിതമായിട്ടുള്ള മരുന്ന് വിതരണമാണ് വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയെ സംബന്ധിച്ചുള്ള സംശയ നിവാരണങ്ങൾക്കും ഉപഭോക്താക്കളുടെ പരാതികൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുമായി 1800 599 8844 എന്ന പ്രത്യേക ടോൾ ഫ്രീ നമ്പർ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

കോവിഡ് വാക്സിൻ നിർമ്മാണത്തിൽ സ്വയംപര്യാപ്തത

255 (1621) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 വാക്സിൻ ഗവേഷണ രംഗത്തും നിർമ്മാണത്തിലും സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ വാക്സിൻ ഗവേഷണം ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(ബി) ലൈഫ് സയൻസ് പാർക്കിൽ ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

തിരുവനന്തപുരത്ത് തോന്നയ്ക്കലിലെ ലൈഫ് സയൻസസ് പാർക്കിൽ വാക്സിൻ പ്രൊഡക്ഷൻ യൂണിറ്റ് തുടങ്ങാൻ തീരുമാനിക്കുകയും ടി ആവശ്യത്തിനായി ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.